**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2642** **24-06-2024 - ൽ മറുപടിയ്ക്ക്**

**ഹൈടെൻഷൻ ലൈൻ മാറ്റി സ്ഥാപിക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മുനിസിപ്പാലിറ്റിയിൽ കക്കാട് മുതൽ കാച്ചടി വരെയുള്ള പ്രദേശത്തെ ഹൈടെൻഷൻ ലൈൻ മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരൂരങ്ങാടി മുൻസിപ്പാലിറ്റിയിലെ കക്കാട് മുതൽ കാച്ചടി വരെയുള്ള പ്രദേശത്തെ എച്ച്.ടി ലൈൻ മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് പ്രദേശ വാസികൾ നവ കേരള സദസ്സിൽ അപേക്ഷ സമർപ്പിച്ചിരുന്നു. സ്ഥല പരിശോധനയിൽ പ്രസ്തുത ലൈൻ അപേക്ഷകരായ വ്യക്തികളുടെ സ്ഥല ത്തിന്റെ അരികിലൂടെ മാറ്റി സ്ഥാപിക്കാൻ കഴിയില്ല. എന്നാൽ ടി ലൈൻ NH66- ന്റെ അരികിലൂടെ മാറ്റി സ്ഥാപിക്കാൻ കഴിയും. ഡെപ്പോസിറ്റ് വർക്ക് വ്യവസ്ഥയിൽ എസ്റ്റിമേറ്റ് തുകയായ 12,53,092/- രൂപ കെ.എസ്.ഇ.ബിയിൽ അടവാക്കുന്ന പക്ഷം പ്രവർത്തി പൂർത്തീകരിക്കാവുന്നതാണ്. ഇക്കാര്യം നിവേദനത്തിന് മറുപടിയായി അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | എസ്റ്റിമേറ്റ് തുക അടവാക്കുന്ന മുറയ്ക്ക് പ്രവർത്തി നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ